പഴം പച്ചക്കറികളുടെ ഗുണനിലവാരം

69 (6774) ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തേക്ക് വരുന്ന പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന അന്യസംസ്ഥാനങ്ങളിലെ ഉല്പാദനകേന്ദ്രങ്ങളിൽത്തന്നെ ഇടപെടുന്നതിനും അപകടകരമായ രാസവസ്തുക്കൾ കൃഷിക്ക് ഉപയോഗിക്കുന്നില്ലെന്നുറപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെവരുന്ന എല്ലാ ഭക്ഷ്യോൽപന്നങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപ്പന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി ഇതുസംബന്ധിച്ച് നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്. കൂടുതൽ പരിശോധനകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് ഇതിനകം സന്ദർശിച്ചിട്ടുണ്ട്.

ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾ

70 (6775) ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly